**പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.**
**(ഹാജർ-എച്ച്.ദിനേശൻ ഐ.എ.എസ്)**

വിഷയം: - പഞ്ചായത്ത് വകുപ്പ്: ജീവനക്കാര്യം- 23.12.2021-ന് ചേർന്ന വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി (ലോവർ) തീരുമാനങ്ങൾക്കനുസൃതമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിലുൾപ്പെട്ട ജീവനക്കാരുടെ സീനിയോറിറ്റി പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം: -
1. 23.12.2021-ന് ചേർന്ന വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി (ലോവർ) തീരുമാനങ്ങൾ
2. പഞ്ചായത്ത് ഡയറക്ടറുടെ 02.06.2018 തീയതിയിലെ ഇ 8-14132/18 നമ്പർ ഉത്തരവ്
3. പഞ്ചായത്ത് ഡയറക്ടറുടെ 24.03.2022 തീയതിയിലെ ഇ 1-132 നമ്പർ ഉത്തരവ്
4. പഞ്ചായത്ത് ഡയറക്ടറുടെ 27.04.2022 തീയതിയിലെ PAN/3017/2021-E8(DP) നമ്പർ നോട്ടീസ്
5. പഞ്ചായത്ത് ഡയറക്ടറുടെ 08/06/2022 തീയതിയിലെ PAN/13/2022-E1 നമ്പർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ: PAN/4758/2022-E1(DP) തീയതി: 23/06/2022</u>**

ഗ്രാമപഞ്ചായത്ത് സെക്രട്ടറി / സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിലുൾപ്പെട്ട ശ്രീ. ജയരാജ്.പി.എം, ശ്രീ. മിഥുൻ കൈലാസ് എന്നിവരുടെ സെലക്ട് ലിസ്റ്റ് പരാമർശം-1 പ്രകാരം മാറ്റം വരുത്തിയിട്ടുള്ള സാഹചര്യത്തിൽ ടിയാളുകൾ ഉൾപ്പെട്ടിട്ടുള്ള സീനിയോറിറ്റി പട്ടികകളിലും ക്രമാനുഗതമായ മാറ്റം വരുത്തേണ്ടിയിരുന്നു.

16.07.2015 പ്രാബല്യത്തിൽ KS&SSR rule 134 (8) പ്രകാരം സെക്രട്ടറിയായി താത്കാലിക സ്ഥാന ക്കയറ്റം അനുവദിച്ചിരുന്ന ശ്രീ. ജയരാജ് പി.എം. മൂന്ന് വർഷക്കാലയളവിൽ നിർബന്ധിത ടെസ്റ്റ് യോഗ്യത നേടാത്ത കാരണത്താൽ ടെസ്റ്റ് യോഗ്യത നേടിയ തീയതി അടിസ്ഥാനമാക്കി 17.08.2018 പ്രാബല്യത്തിൽ പരാമർശം-1 പ്രകാരം ചേർന്നിട്ടുള്ള വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി ലോവർ അജണ്ട-2 തീരുമാന പ്രകാരം ടിയാൻറെ നിയമനം ക്രമവൽകരിക്കുന്നതിനും ടിയാനെ 2018-ലെ സെലക്ട് ലിസ്റ്റിൽ ക്രമനമ്പർ 155 ശ്രീ. എസ്. രാധാകൃഷ്ണൻ നായർക്കും ക്രമനമ്പർ 156 ശ്രീമതി എ. റാഷിദയ്ക്കുമിടയിൽ 155 എ നമ്പരായി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതും ടി തീരുമാനം 27.01.2022 ലെ 348 ആം നമ്പർ ഗസറ്റ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ പരാമർശം-2 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി സീനിയർ സൂപ്രണ്ട് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 118 ആയി ഉൾപ്പെട്ടിരുന്ന ടിയാനെ പ്രസ്തുത സ്ഥാനത്ത് നിന്നും ഒഴിവാക്കി പരാമർശം 3 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി സീനിയർ സൂപ്രണ്ട് പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 105 ആയ ശ്രീമതി ടി.എം. ഷീബ (എസ്. രാധാകൃഷൻ നായർ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.) ക്രമനമ്പർ 106 ആയ ശ്രീമതി എ.റാഷിദ എന്നിവർക്കിടയിൽ ഉൾപ്പെടുത്താവുന്നതാണ് എന്ന് കാണുകയും ആയതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി താത്കാലികമായി പുനഃക്രമീകരിച്ച് കൊണ്ട് പരാമർശം-4 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. വകുപ്പിലെ 19.04.2018 മുതൽ 31.12.2021 വരെയുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറി / സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക പരാമർശം-5 പ്രകാരം അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ടി ലിസ്റ്റിൽ ശ്രീ. പി.എം.ജയരാജിനെ 107/2018-21 നമ്പരായി

ശ്രീമതി ടി.എം.ഷീബ ശ്രീമതി റഷീദ എന്നിവർക്കിടയിലായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

20.12.2016 പ്രാബല്യത്തിൽ ശ്രീ. മിഥുൻ കൈലാസിന് സെക്രട്ടറിയായി സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. എന്നാൽ പരാമർശം-1 പ്രകാരം ചേർന്നിട്ടുള്ള വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റി (ലോവർ) അജണ്ട-3 തീരുമാന പ്രകാരം ടിയാന് KS&SSR rule 13A 1(a) പ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കി മുൻകാല പ്രാബല്യത്തോടെ 2014 ലെ സെലക്റ്റ് ലിസ്റ്റിൽ ക്രമനമ്പർ 42 സുനിൽകുമാർ.ജി-ക്കും ക്രമനമ്പർ 43 ഷൈജു വർഗ്ഗീസിനുമിടയിൽ 42 എ നമ്പരായി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മേൽ തീരുമാനം 27.01.2022 ലെ 347 ആം നമ്പർ ഗസറ്റ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ പരാമർശം-2 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി സീനിയർ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ക്രമനമ്പർ 1349 ആയി ഉൾപ്പെട്ടിരുന്ന ടിയാനെ പ്രസ്തുത സിനിയോറിറ്റി പട്ടികയിൽ ക്രമനമ്പർ ക്രമനമ്പർ 1048 ശ്രീ. സുനിൽകുമാർ.ജി-ക്കും 1049 ശ്രീ. ഷൈജു വർഗ്ഗീസിനുമിടയിൽ ക്രമ നമ്പർ 1048 എ ആയി ഉൾപ്പെടുത്താവുന്നതാണ് എന്ന് കാണുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം-2 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 1349 ആയി ഉൾപ്പെട്ടിരുന്ന ശ്രീ.മിഥുൻ കൈലാസിനെ പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 1048 സുനിൽകുമാർ.ജി ക്കും ക്രമനമ്പർ 1049 ശ്രീ. ഷൈജു വർഗ്ഗീസിനുമിടയിൽ ക്രമ നമ്പർ 1048 എ ആയി ഉൾപ്പെടുത്തിക്കൊണ്ടും സീനിയോറിറ്റി താത്കാലികമായി പുനഃക്രമീകരിച്ച് കൊണ്ട് പരാമർശം-4 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത നോട്ടീസിന്മേൽ നാളിതുവരെ ആക്ഷേപങ്ങളൊന്നും ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ പരാമർശം-2 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 1349 ആയി ഉൾപ്പെട്ടിരുന്ന ശ്രീ.മിഥുൻ കൈലാസിനെ പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 1048 ശ്രീ. സുനിൽകുമാർ.ജി ക്കും ക്രമനമ്പർ 1049 ശ്രീ. ഷൈജു വർഗ്ഗീസിനുമിടയിൽ ക്രമ നമ്പർ 1048 എ ആയി ഉൾപ്പെടുത്തി സീനിയോറിറ്റി അന്തിമമായി പുനഃക്രമീകരിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**എച്ച്.ദിനേശൻ ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടർ**

<u>പകർപ്പ്:</u>

1. വ്യക്തിക്ക് (ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
2. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. വെബ്സൈറ്റ്
4. കരുതൽ / അധികം

Signature Not Verified

Digitally signed by DINESHAN H
Date: 2022.06.23 17:51:55 IST
Reason: Approved